പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4522 — 25/06/2019-ൽ മറുപടിക്ക്

## സഹകരണ സംഘം ഭരണസമിതി അംഗങ്ങളായ എയ്ഡഡ് സ്കൂൾ അദ്ധ്യാപകർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.ഡി. സതീശൻ: | പ്രൊഫ. സി. രവീന്ദ്രനാഥ് (പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകർക്ക് സഹകരണ സംഘങ്ങളുടെ ഭരണസമിതിയിൽ അംഗങ്ങളാകുന്നതിന് വിലക്കുണ്ടോ; | (എ) ഇല്ല. കെ.ഇ.ആർ അദ്ധ്യായം XIV C ചട്ടം 27 പ്രകാരം എയ്ഡഡ് സ്കൂൾ അദ്ധ്യാപകർക്ക് സഹകരണ സംഘങ്ങളുടെയോ സഹകരണ ബാങ്കുകളുടെയോ അഭിവൃദ്ധിക്കും അവയുടെ കമ്മിറ്റിയിലോ ബോർഡിലോ അംഗമായി അങ്ങനെയുള്ള സംഘങ്ങളുടെ ഭരണസമിതിയിൽ അവയുടെ പുരോഗതിക്കായി പ്രവർത്തിക്കുന്നതിന് സ്വാതന്ത്ര്യമുണ്ട്. എന്നാൽ തങ്ങൾ ജോലി ചെയ്യുന്ന റവന്യൂ ഡിസ്ട്രിക്റ്റിൽ സ്ഥാപിതമായിട്ടുള്ള സഹകരണ സ്ഥാപനങ്ങളിൽ മാത്രമേ പ്രവർത്തിക്കാൻ പാടുള്ളൂ. |
| (ബി) സഹകരണ സംഘങ്ങളിലെ പ്രസിഡന്റായി പ്രവർത്തിക്കുന്ന എയ്ഡഡ് സ്കൂൾ അദ്ധ്യാപകർക്ക് ഓണറേറിയം/പ്രസിഡന്റ് അലവൻസ് വാങ്ങുന്നതിന് തടസ്സമുണ്ടോ; | (ബി)യും (സി)യും ഇത് സംബന്ധിച്ച് കെ.ഇ.ആർ ചട്ടങ്ങളിൽ പരമാർശങ്ങളൊന്നുമില്ല. ഒരു ജീവനക്കാരൻ സർക്കാർ നല്കുന്ന ശമ്പളത്തിന് പുറമെ മറ്റ് സാമ്പത്തികാനുകൂല്യങ്ങൾ കൈപ്പറ്റുന്നതിന് സർക്കാർ അനുമതി ആവശ്യമാണ്. |
| (സി) എന്തെങ്കിലും വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയത് ഏത് ചട്ട പ്രകാരം എന്ന് വിശദമാക്കുമോ? | |

സെക്ഷൻ ഓഫീസർ